# MUSIC FOR LIFE

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Track - 02

## മനസ്സേ നീ കാണുമീ കൂരിരുളിൽ

രചന : O.N.V. Kurup    സംഗീതം : Jerry Amaldev
ആലാപനം : Joseph J. Palackal

മനസ്സേ നീ കാണുമീ കൂരിരുളിൽ
പുകയും തെരുവിൽ ചുഴലും കാറ്റിൽ
അടിപതറാതെ വരൂ
മനസ്സേ മനസ്സേ (2)

ചേറായ് തീരും നീരദ മേഘം
തെളിനീർ തൂകും പോലെ
തിരയിൽ ചേരും നിറതേനരുവി
കുളിരായ് ഒഴുകും പോലെ
മരുവിൽ നീ...... മരുവിൽ നീ ഒഴുകൂ....
മരുവിൽ നീ ഒഴുകൂ മനസ്സേ മനസ്സേ

മുങ്ങിത്താഴും സൂര്യൻ വിണ്ണിൽ
ചായം പൂശും പോലെ
പുകതൻ ചുരുളായ് മറയും തിരികൾ
ഉരുകിത്തെളിയും പോലെ
ഇരുളിൽ നീ...... ഇരുളിൽ നീ തെളിയൂ......
ഇരുളിൽ നീ തെളിയൂ
മനസ്സേ നീ കാണുമീ കൂരിരുളിൽ
പുകയും തെരുവിൽ ചുഴലും കാറ്റിൽ
അടിപതറാതെ വരൂ
മനസ്സേ മനസ്സേ

www.TheCMSIndia.org

For further details please visit

http://thecmsindia.org/directory-of-christian-songs-index